

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - സംസ്ഥാനത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം അടച്ചിട്ടിരിക്കുന്ന മദ്യശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജി) വകുപ്പ്

ജി.ഒ (എം.എസ്) നം.43/2020/നി.വ തീയതി, തിരുവനന്തപുരം, 22/05/2020

---

പരാമർശം : 1. 26/03/2020-ലെ ജി.ഒ (എം.എസ്) 35/2020/നി.വ.
2. 29/04/2020-ലെ ജി.ഒ (ആർ.റ്റി) 280/2020/നി.വ.
3. 18/05/2020-ലെ ജി.ഒ (എം.എസ്) 41/2020/നി.വ.

ഉത്തരവ്

കൊറോണ വൈറസ് (കോവിഡ്-19) വ്യാപനം തടയുന്നതിനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ മദ്യശാലകളും അടച്ചിടുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം, സംസ്ഥാനത്തെ എല്ലാ മദ്യശാലകളുടേയും ലൈസൻസ് 31/05/2020 വരെ ദീർഘിപ്പിച്ച് നൽകിയും, പരാമർശം (3) പ്രകാരം പ്രസ്തുത മദ്യശാലകൾ തുറക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, എഫ്.എൽ-1 (വിദേശമദ്യ ഷോപ്പ്), എഫ്.എൽ-3 (ബാർ ഹോട്ടൽ), എഫ്.എൽ-11 (ബിയർ/വൈൻ പാർലർ) എന്നീ ലൈസൻസ് സ്ഥാപനങ്ങൾ പരാമർശം (3)ലെ നിബന്ധനകൾക്ക് വിധേയമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എക്സൈസ് കമ്മീഷണർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവർ മേൽ ഉത്തരവിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.റ്റി.സുരേഷ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി.
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
എല്ലാ ജില്ലാ കളക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ